**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-ജീവനക്കാര്യം -പാലക്കാട് ജില്ലയിലെ മുതലമട ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീ പി. മുത്തുസ്വാമിയ്ക്ക് ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് അതിൽ തുടരുവാനും പ്രസ്തുത തസ്തികയിൽ മറ്റൊരാൾക്ക് നിയമനം നൽകുവാനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(കൈ) നം.52/2017/തസ്വഭവ തീയതി, തിരുവനന്തപുരം 06.03.2017**

================================================================

പരാമർശം:- 1) സ.ഉ(സാധാ) നംപർ 2800/2014/തസ്വഭവ തീയതി 28.10.2014.
2) പഞ്ചായത്ത് ഡയറക്ടറുടെ 01.12.2014 തീയതിയിലെ ഇ 6-2057/2013 നംപർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ മുതലമട ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീ പി. മുത്തുസ്വാമിയ്ക്ക് കാഴ്ചശക്തി പൂർണ്ണമായും നഷ്ടപ്പെട്ടതിനാൽ ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് തുടരുവാൻ അനുവദിക്കണമെന്നും ടിയാന്റെ തസ്തികയിൽ മറ്റൊരാൾക്ക് നിയമനം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. പാലക്കാട് ജില്ലയിലെ മുതലമട ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. പി. മുത്തുസ്വാമിക്ക് Retinities Pigmentosa എന്ന നേത്രരോഗം ബാധിച്ച് കാഴ്ചശക്തി പൂർണ്ണമായും നഷ്ടപ്പെട്ടതിനാൽ ക്ലാർക്കിന്റെ ചുമതലകൾ നിർവ്വഹിയ്ക്കാൻ കഴിയുന്നില്ലെന്ന പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി. മുത്തുസ്വാമിയുടേത് ഒരു സഹതാപാർഹമായ കേസ്സായി പരിഗണിച്ച് ടിയാനെ മുതലമട ഗ്രാമപഞ്ചായത്തിൽ തന്നെ ക്ലാർക്ക് തസ്തികയിൽ തുടരാനനുവദിച്ച് കൊണ്ട് പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു

3. എന്നാൽ പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ പി. മുത്തുസ്വാമിയെ ക്ലാർക്ക് തസ്തികയിൽ തുടരാൻ അനുവദിച്ചിരിയ്ക്കുന്നതിനാൽ മറ്റൊരാളെ നിയമിയ്ക്കാൻ സാധിക്കാത്ത അവസ്ഥയാണെന്നും ഒരു ക്ലാർക്കിന്റെ അഭാവം പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ മുതലമട ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. പി. മുത്തുസ്വാമിക്ക് കാഴ്ച ശക്തി പൂർണമായും നഷ്ടപ്പെട്ടതിനാൽ 1995 ലെ വികലാംഗ സംരക്ഷണ നിയമത്തിലെ 47-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് അതിൽ തുടരുവാനും ടിയാന്റെ തസ്തികയിൽ മറ്റൊരാൾക്ക് നിയമനം നൽകുവാനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.കെ. ജോസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

പ്രിൻസിപ്പൽ എ.ജി (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ്.

ശ്രീ. പി. മുത്തുസ്വാമി, ക്ലാർക്ക്, മുതലമട ഗ്രാമ പഞ്ചായത്ത്, പാലക്കാട്

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

വെബ് & ന്യൂ മീഡിയ (ഐ&പി.ആർ.ഡി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.( ഫയൽ നം. ഇപിഎ 1/473/2015/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ